മി. സ്പീക്കർ: ഓർഡർ.....ഓർഡർ......(ചോദ്യം നമ്പർ *211)

**നഗരങ്ങളിലെ കുടിവെള്ള വിതരണം**

(*211) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2026 വർഷത്തോടെ നഗര പ്രദേശങ്ങളിലെ എല്ലാ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) അമൃത് പദ്ധതി പ്രകാരം എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളിലും കുടിവെള്ള വിതരണ പദ്ധതികളും സ്വിവറേജ് സംവിധാനവും പൂർത്തിയായിട്ടുണ്ടോ;

(സി) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മുഴുവൻ സമയവും ലഭിക്കുന്ന രീതിയിൽ കുടിവെള്ള വിതരണം ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതിയായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2026 വർഷത്തോടെ നഗരപ്രദേശങ്ങളിലെ എല്ലാ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്നതിന് ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത് 2.0. ഈ പദ്ധതിയിൽ കേരളത്തിലെ എല്ലാ നഗരസഭകളിലും കുടിവെള്ളമെത്തിക്കുന്നതിനും അതോടൊപ്പം നിലവിലെ 9 അമൃത് നഗരങ്ങളിൽ സ്വിവറേജ്/സെപ്റ്റേജ് മാലിന്യ സംസ്കരണത്തിന് പ്രത്യേക പദ്ധതികളും ഉൾപ്പെടുത്തുന്നു.

ഈ പദ്ധതിപ്രകാരം കേരള ജല അതോറിട്ടി നിർവ്വഹണ ഏജൻസിയാണ്. ജല അതോറിട്ടി തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി മുഖേന അമൃത് SLTC / SHPSC-യിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിനായി അമൃത് 2.0 ന്റെ ഭാഗമായി ഏകദേശം 3550 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കേന്ദ്രസഹായം 1372 കോടി രൂപയാണ്. പ്രസ്തുത പ്രോജക്റ്റ് കാലാവധി 2021-22 മുതൽ 2025-26 വരെയാണ്.

അമൃത് 2.0 പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി വിവിധ മുനിസിപ്പാലിറ്റികൾക്കായി ഭരണാനുമതിക്കായി സമർപ്പിച്ച പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി 1156.03 കോടി രൂപയുടെ 173 ജലവിതരണ പ്രവൃത്തികൾക്കും 321.45 കോടി രൂപയുടെ 116 സ്വിവറേജ് പദ്ധതികൾക്കും ഭരണാനുമതി നല്കിയതിൽ, 799.26 കോടി രൂപയുടെ 168 ജലവിതരണ പ്രവൃത്തികളും 65.64 കോടി രൂപയുടെ 90 sewerage പദ്ധതികളും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പൂർത്തിയായതും പ്രവൃത്തി പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. 2023 മാർച്ച്-മാസത്തോടുകൂടി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കുടിവെള്ള കണക്ഷൻ ലഭ്യമല്ലാത്ത വീടുകൾക്ക് 2022-2026 കാലയളവിലായി കണക്ഷൻ കൊടുക്കുന്നതിനും ഇതിലേയ്ക്കാവശ്യമായ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധിക ജലം ലഭ്യമാക്കുന്നതിനുമുള്ള നിർമ്മാണ പ്രവൃത്തികൾക്കുമായി 294.125 കോടി രൂപയുടെയും കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽവരുന്ന കുടിവെള്ള കണക്ഷൻ ലഭ്യമല്ലാത്ത വീടുകൾക്ക് 2022-2026 കാലയളവിൽ കുടിവെള്ള കണക്ഷൻ കൊടുക്കുന്നതിനും അനുബന്ധ നിർമ്മാണ പ്രവൃത്തികൾക്കുമായി 152.68 കോടി രൂപയുടെ ഭരണാനുമതി നല്കി നടപടി സ്വീകരിച്ചുവരുന്നു.

കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP)-ൽ ഉൾപ്പെടുത്തി കൊച്ചി, തിരുവനന്തപുരം കോർപ്പറേഷൻ നഗരങ്ങൾക്കായി 24x7 ശുദ്ധജലവിതരണ പദ്ധതികൾക്കായി എ.ഡി.ബി.-യുടെ സഹായത്തോടെയുള്ള പദ്ധതിയിൽ 2511 കോടി രൂപയുടെ ഭരണാനുമതി 7-2-2020-ൽ നല്കിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതിന്റെ എ.ഡി.ബി ഗൈഡ് ലൈൻസ് അനുസരിച്ച് കൺസൾട്ടന്റിനെ നിയമിക്കുന്നതിനായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, നഗരങ്ങളിലെല്ലാം കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. ആ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ടിയാണ്

അമൃത് പദ്ധതി നടപ്പിലാക്കുന്നതെന്നാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇവിടെ ഫ്ലോറിൽ മറുപടി നൽകിയത്. അമൃത് പദ്ധതി വളരെ ചെലവേറിയതായതിനാൽ കേരളംപോലുള്ള സംസ്ഥാനത്ത് ഡീ-സാലിനേഷൻ പ്രോജക്ടുകളെക്കുറിച്ച് (കടൽവെള്ളം ശുദ്ധീകരിക്കുന്ന പ്രോജക്ടുകളെക്കുറിച്ച്) എന്തുകൊണ്ട് ആലോചിച്ചുകൂടാ; ലക്ഷദ്വീപ് ഉൾപ്പെടെയുള്ള പല പ്രദേശങ്ങളിലും ജനങ്ങൾ പൂർണ്ണമായും ആശ്രയിക്കുന്നത് ഡീ-സാലിനേഷൻ പ്രോജക്ടുകളാണ്. മിഡിൽ-ഈസ്റ്റ് രാഷ്ട്രങ്ങൾ ഉൾപ്പെടെ ആശ്രയിക്കുന്നത് ആ രീതിയിലാണ്. കേരളത്തിൽ തീരദേശം പരന്നുകിടക്കുന്നതായതുകൊണ്ട് കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ ഡീ-സാലിനേഷൻ പ്രോജക്ടിനെക്കുറിച്ച് സംസ്ഥാന സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ കുടിവെള്ള സ്രോതസ്സായ ഗ്രൗണ്ട് വാട്ടർ ലെവൽ (ഭൂഗർഭ ജലം) കേരളത്തെ സംബന്ധിച്ച് മാത്രമല്ല പൊതുവിലും ഓരോ വർഷം കഴിയുമ്പോഴും കുറഞ്ഞുവരുന്നതായാണ് കണക്കുകളിലൂടെ ബോധ്യപ്പെടാൻ കഴിയുന്നത്. ജൽ ജീവൻ മിഷൻ

പദ്ധതിയുൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോഴും സ്രോതസുകൾക്കുവേണ്ടി നമ്മൾ കൂടുതൽ ബുദ്ധിമുട്ടുകയും അതോടൊപ്പം ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കുൾപ്പെടെ ആവശ്യമായ വലിയ തുക ചെലവഴിക്കപ്പെടുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള സാഹചര്യത്തിൽ തീരപ്രദേശത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ കടൽവെള്ളം ശുദ്ധീകരിച്ച് കൊടുക്കാൻ കഴിയേണ്ട ഒരു കാലഘട്ടം ഉണ്ടായേക്കാമെന്ന് മുൻകൂട്ടി കരുതേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. തീർച്ചയായും അത് നമ്മുടെ പൊതു സ്പിരിറ്റായി കണ്ടുകൊണ്ട് വരുംകാലങ്ങളിൽ അങ്ങനെയൊരു സാഹചര്യം രൂപപ്പെട്ടേയ്ക്കാമെന്നുള്ള നിലയിൽ അതിനാവശ്യമായ പ്രാരംഭ ചർച്ചകൾ ആരംഭിക്കുകയെന്നുള്ളത് വേണ്ടിവരും. അതിനുവേണ്ടി ഗവൺമെന്റിന് എന്താണ് ചെയ്യാൻ കഴിയുന്നത് എന്നുള്ളതിനെക്കുറിച്ച് ആലോചിക്കും.

ശ്രീ. എ. എൻ. ഷംസീർ: സർ, ഒന്നാം പിണറായി സർക്കാർ തലശ്ശേരി-കൂത്തുപറമ്പ് സെഗ്മെന്റുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കാനാണ് തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതി കിഫ്ബിയിലുൾപ്പെടുത്തിയത്. അതിപ്പോൾ വേണ്ടത്ര രീതിയിൽ മുന്നോട്ട്

കൊണ്ടുപോകാൻ കഴിഞ്ഞില്ലെന്നുള്ളതാണ് സ്റ്റാറ്റസ് റിപ്പോർട്ടിലൂടെ ഞാൻ മനസ്സിലാക്കുന്നത്. തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതിയുടെ സ്റ്റാറ്റസ് റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യാൻ കഴിയുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി കിഫ്ബി മുഖാന്തരം നടത്തിവരുന്ന ഒരു പദ്ധതിയാണ്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ സ്ഥാപിക്കാൻ അഞ്ച് സ്ഥലങ്ങൾ ആവശ്യമുള്ളതിൽ മൂന്ന് സ്ഥലങ്ങൾ ലാൻഡ് അക്വിസിഷൻ വഴി ഏറ്റെടുക്കേണ്ടതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. സ്ഥലങ്ങളുടെ കമ്പോളവില നിശ്ചയിച്ച് കണ്ണൂർ ജില്ലാ കളക്ടർ 24-05-2022-ൽ ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് എൽ.എ. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ 45 ലക്ഷം രൂപ ഒടുക്കാനുള്ള നിർദ്ദേശം സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) തലശ്ശേരിയിൽനിന്നും 28-05-2022-ൽ ലഭിച്ചു. കിഫ്ബിയിൽനിന്നും തുക ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ശേഷിക്കുന്ന രണ്ട് സ്ഥലങ്ങളിൽ, ഒന്ന് പാനൂർ മുനിസിപ്പാലിറ്റി അനുവദിച്ച് തന്നിട്ടുണ്ട്. രണ്ടാമത്തെ സ്ഥലം ചൊക്ലി പഞ്ചായത്തിലുള്ള 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണ നിർമ്മാണത്തിനായി ചൊക്ലി ഗവൺമെന്റ് കോളേജ്

ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ ഉപയോഗാനുമതി ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനായി കോളേജ് പ്രിൻസിപ്പൽ മുഖേന സമർപ്പിച്ചിട്ടുള്ളത് ഉടനെ ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിഘടകങ്ങൾ നിർമ്മിക്കാനാവശ്യമായ സ്ഥലങ്ങൾ ലഭ്യമാക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന് പ്രത്യേകമായി ഒരു മോണിറ്ററിംഗ് സിസ്റ്റം രൂപപ്പെടുത്തി വർക്ക് ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്കാവശ്യമായ കാര്യങ്ങൾ ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, വെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി നാം ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിലൊന്നാണ് ജൽ ജീവൻ മിഷൻ. നമ്മുടെ സംസ്ഥാനത്ത് ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജൽ ജീവൻ പദ്ധതി നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ടൊരു പദ്ധതിയായിതന്നെയാണ് കണ്ടിട്ടുള്ളത്.

എല്ലാ നിയമസഭാ സാമാജികരും അക്കാര്യത്തിൽ വളരെയേറെ ആത്മാർത്ഥത പുലർത്തുകയും അതത് മണ്ഡലത്തിൽ ആ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് നല്ല നിലയിൽ സഹകരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ പലപ്പോഴും കണ്ടുവരുന്ന പ്രശ്നം, ചെറിയ തകരാറുകൾക്കൊണ്ട് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യവും കാണാൻ സാധിക്കും. ഭൂമി ഏറ്റെടുക്കുന്നതിനായും കണ്ടെത്തുന്നതിനായുമുള്ള വിഷയങ്ങൾ, പഞ്ചായത്തുമായും വിവിധ സ്വകാര്യവ്യക്തികളുമായും ബന്ധപ്പെട്ടുമൊക്കെ അത്തരം കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടുപോകുന്നതിന് എല്ലാവരുടെയും സഹായമാണ് ആവശ്യമായിട്ടുള്ളത്. 2024 ആകുമ്പോൾ കേരളത്തിലെ 70.67 ലക്ഷം കുടുംബങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യാൻ സാധിക്കണം. അതിനാവശ്യമായ നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. ബാലുശ്ശേരി ഉൾപ്പെടെയുള്ള മണ്ഡലങ്ങളിൽ നല്ല നിലയിൽ അത് ഓർഗനൈസ് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒന്നുരണ്ട്

റിവ്യൂമീറ്റിംഗുകൾ നടത്തുകയുണ്ടായി. അങ്ങനെ അതത് മണ്ഡലങ്ങളിൽ കാര്യക്ഷമമായി ഇത് നടത്താൻ ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ ശ്രദ്ധിക്കുന്നുവെന്നുള്ളതിൽ സന്തോഷമുണ്ട്. ഈ പദ്ധതി നല്ലനിലയിൽ തുടർന്നുവരുന്നുണ്ട്. സാങ്കേതികമായി വരുന്ന തകരാറുകൾ പരിഹരിക്കാൻ മീറ്റിംഗുകൾ വിളിച്ചുചേർത്ത് മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ എം.എൽ.എ.-മാർ താൽപ്പര്യം കാണിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം കഴിഞ്ഞ ക്യാബിനറ്റിൽ ഇതുമായി ബന്ധപ്പെട്ടുണ്ടായ ഒരു വിഷയം, സ്വാഭാവികമായി വാട്ടർ അതോറിറ്റിക്ക് സ്ഥലമേറ്റെടുക്കാൻ ജില്ലാ കളക്ടർക്ക് ചില പരിമിതിയുണ്ടായിരുന്നു. ആ നിലയിലുള്ള പരിമിതികൾ മാറ്റി ഇത്തരം കാര്യങ്ങളിൽ ഏത് സ്ഥലവും ഏറ്റെടുക്കുന്നതിനാവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകിക്കൊണ്ടുള്ള തീരുമാനവും ഉണ്ടായിട്ടുണ്ട്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, കൊല്ലം കോർപ്പറേഷനിലെയും സമീപപ്രദേശമായ കൊറ്റങ്കര പഞ്ചായത്തിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവിഷ്കരിച്ചിട്ടുള്ള ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്; എന്നത്തേയ്ക്ക് അത് പൂർത്തീകരിക്കാൻ

കഴിയും; അതിന്റെ പൈപ്പിടലുമായി ബന്ധപ്പെട്ട് കൊല്ലം കോർപ്പറേഷൻ പരിധിയിലെ റോഡുകളെല്ലാം കുഴിച്ചിട്ടിരിക്കുന്നത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും; എത്ര ശതമാനം പണി പൂർത്തിയായിട്ടുണ്ട്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കൊല്ലം കോർപ്പറേഷനിലെ നിലവിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്നതിന് പ്രതിദിനം 100 ദശലക്ഷം ലിറ്റർ ജലം ലഭ്യമാകത്തക്കതരത്തിൽ കല്ലട നദി സ്രോതസ്സാക്കി കൊല്ലം കോർപ്പറേഷനെയും സമീപ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണ് ഞാങ്കടവ് കുടിവെള്ള പദ്ധതി. ഇത് കിഫ്ബി ധനസഹായത്തോടെയും അമൃത് പദ്ധതിയുടെ സഹായത്തോടെയുമാണ് നടന്നുവരുന്നത്. പദ്ധതിയുടെ ഉല്പാദനഘടകങ്ങൾക്കായി കിഫ്ബിയിൽനിന്നും 235 കോടി രൂപയും അമൃത് പദ്ധതിയിൽ നിന്നും 104.48 കോടി രൂപയും ഉൾപ്പെടെ 339.48 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ മണ്ഡലത്തിലുൾപ്പെട്ട കൊല്ലം കോർപ്പറേഷനിലെ കിളികൊല്ലൂർ-ഇരവിപുരം-വടക്കേവിള മേഖലയിൽ പൂർണ്ണതോതിൽ ജലലഭ്യത ഉറപ്പുവരുത്താനും കുഴൽക്കിണറുകളെ ആശ്രയിക്കുന്ന

ജലവിതരണം അവസാനിപ്പിക്കാനും സാധിക്കും. ഇത് മോണിറ്റർ ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യും വളരെ താൽപ്പര്യം കാണിക്കുന്നതിനാൽ ഇത് വളരെ ദ്രുതഗതിയിൽ കൊണ്ടുപോകാൻ സാധിക്കും. ചെറിയ സാങ്കേതിക തടസ്സങ്ങളെല്ലാം പരിഹരിച്ച് സമയബന്ധിതമായി ഇത് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ്: സർ, തലസ്ഥാന നഗരിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള ഉപാധിയായിട്ടാണ് നിർദ്ദിഷ്ട നെയ്യാർഡാം-പി.ടി.പി.നഗർ കുടിവെള്ള പദ്ധതി വിഭാവനം ചെയ്യുന്നത്. കിഫ്ബിയിപ്പെടുത്തി തിരുവനന്തപുരം നഗരത്തിൽ 120 എം.എൽ.ഡി.-യും, ഗ്രാമപഞ്ചായത്തുകൾക്ക് 20 എം.എൽ.ഡി. -യും വെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്, എന്നു പണി പൂർത്തിയാക്കുമെന്ന് പറയാനാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നെയ്യാർഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിച്ച് അവിടെ നിന്നും 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിലും, 20

എം.എൽ.ഡി. ശുദ്ധജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്ക് എത്തിക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. നെയ്യാർഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയും അനുബന്ധഘടകങ്ങളും നിർമ്മിച്ച് ശുദ്ധീകരിച്ച ജലം, 1422 മില്ലീമീറ്റർ വ്യാസമുള്ള മൈൽഡ് സ്റ്റീൽപൈപ്പ് ലൈൻ സ്ഥാപിച്ച് അതിലൂടെ തിരുവനന്തപുരം നഗരത്തിൽ എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ ജലശുദ്ധീകരണശാലയുടേയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണത്തിനായി 60 കോടി രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്, അത് വളരെ പെട്ടന്ന് മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്, അതിലൂടെ തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കണ്ടെത്താൻ കഴിയുന്ന സ്ഥിതി രൂപപ്പെടുത്താൻ സാധിക്കും.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, അമൃത് പദ്ധതിക്ക് സമാനമായി ഗ്രാമീണ മേഖലകളിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിക്കായി പൊതുമരാമത്തിന്റെ ഉടമസ്ഥതയിലുള്ളതും, റോഡ് നവീകരണത്തിനായി ഫണ്ട് വകയിരുത്തി ടെണ്ടർ നടപടി പൂർത്തീകരിച്ച് കരാറുകാരന്

കൈമാറിയതുമായ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് വെട്ടിപ്പൊളിച്ചത് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ തർക്കം നിലനിൽക്കുന്നതുകാരണമായി പല റോഡ് നവീകരണ പദ്ധതികളും അനന്തമായി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ? എന്റെ നിയോജകമണ്ഡലത്തിൽ കൂട്ടുമൂച്ചി-ഇരമ്പോത്തിങ്ങൽ- അത്താണിക്കൽ റോഡ് നവീകരണം ഇക്കാരണത്താൽ വൈകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, പൊതുവായിട്ടുള്ളൊരു വിഷയമാണ്, അവിടത്തെ ഒരു റോഡ് മാത്രമല്ല കേരളത്തിലെ പല റോഡുകളും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. നമ്മുടെ ഈ പദ്ധതി വരുന്ന സമയത്തിനും അതിനു മുൻപുമായി ആരംഭിച്ച റോഡ് പദ്ധതികൾ ഉണ്ട്. റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടക്കുന്ന സമയത്തുതന്നെയാണ് ജൽ ജീവൻ മിഷന്റെ പദ്ധതികൾ ആ നിലയിൽ ഏറ്റെടുത്ത് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വന്നത്. അത്

പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് രണ്ടുതവണ മീറ്റിംഗുകൾ നടത്തി. പൊതുമരാമത്ത് വകുപ്പ് നല്ല അപ്രോച്ചാണ് ഈ കാര്യത്തിൽ സ്വീകരിച്ചത്. ഇത് രണ്ടും അവശ്യഘടകങ്ങളാണ്, റോഡും ആവശ്യമാണ്, ശുദ്ധജലവിതരണവും ആവശ്യമാണ്. ഇത് പൂർത്തിയാക്കുന്നതിന് സഹിഷ്ണുതാമനോഭാവത്തോടെയുള്ള സമീപനമാണ് ആവശ്യം, ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കങ്ങളല്ല ആവശ്യം. അത് പരിഹരിക്കുന്നതിന് നല്ല നിലയിലുള്ള പുരോഗതിയുണ്ട്. അവിടെ ഏതെങ്കിലും പദ്ധതി ഒരു സിംഗിൾ ഇഷ്യുവായി നിലനിൽക്കുന്നുണ്ടെങ്കിൽ, ഇപ്പോൾ തന്നെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായിക്കൊണ്ട് ഒരു ഉന്നതതല സമിതി രൂപപ്പെടുത്തിയിട്ടുണ്ട്. അതിൽ വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും എൻജിനീയേഴ്സ് ഉൾപ്പെടുന്നുണ്ട്. അവിടെത്തന്നെ പരിഹാരം കണ്ടെത്താൻ കഴിയുന്നതരത്തിൽ, ഇത്തരത്തിലുള്ള ധാരാളം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. അങ്ങനെ സാധിക്കാൻ കഴിയാത്തൊരു പ്രശ്നം രൂപപ്പെടുന്നുണ്ടെങ്കിൽ അത് പരിശോധിക്കും, അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കും. അങ്ങയുടെ

മണ്ഡലത്തിലെ വിഷയങ്ങൾ എന്താണെന്നുവച്ചാൽ അത് പ്രത്യേകമായി പരിശോധിക്കാവുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, കേരള വാട്ടർ അതോറിറ്റിക്ക് ഒരുപാട് കുടിശ്ശിക നിലവിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഇത് കൃത്യമായി പിരിച്ചെടുക്കാനുള്ള ഒരു സംവിധാനം യഥാർത്ഥത്തിൽ ഇല്ലായെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടുതന്നെ പലപ്പോഴും ഭീമമായ കുടിശ്ശികയുടെ ബില്ലുകളാണ് സാധാരണക്കാർക്ക് വരുന്നത്. വാട്ടർ അതോറിറ്റി കൃത്യമായി പണം പിരിക്കാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഈ കാര്യത്തിൽ വലിയ തുകയാകുമ്പോൾ അടയ്ക്കാനുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു, ഇത് പരക്കെയുള്ള ആക്ഷേപമാണ്. കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയായി പിരിച്ചെടുക്കാനുള്ള തുക കൃത്യമായി പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരള വാട്ടർ അതോറിറ്റിക്ക് വലിയ തോതിലുള്ള കുടിശ്ശികയാണ് മറ്റ് പല ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ലഭിക്കാനുള്ളത്. 1131 കോടി രൂപ ആ നിലയിൽ കിട്ടാനുണ്ട്. സർക്കാർ

വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗാർഹിക/ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നുമാണ് ഈ കുടിശ്ശിക ലഭിക്കാനുള്ളത്. ദൈനംദിന പ്രവർത്തനത്തിനെ ഇത് കാര്യമായി ബാധിക്കുന്നുണ്ട്. കൃത്യമായി തുക അടയ്ക്കാതെ വരുമ്പോൾ ഫൈൻ ഉൾപ്പെടെ നിയമപ്രകാരം അടയ്ക്കേണ്ട തുക വർദ്ധിക്കുകയും, അത് ഉപഭോക്താക്കൾക്ക് വലിയ രീതിയിലുള്ള ബുദ്ധിമുട്ട് ഉണ്ടാകുകയും ചെയ്യുന്നുണ്ട്. പലപ്പോഴും വരുന്ന പരാതി, ഞങ്ങൾ വെള്ളം ഉപയോഗിച്ചിട്ടില്ല, പക്ഷെ കൂടുതൽ തുക കൊടുക്കേണ്ടി വരുന്നു. ഞങ്ങൾ പലഘട്ടത്തിൽ ഇത് പരിശോധിച്ചു, അത് വെള്ളം ലീക്ക് ചെയ്യുന്നതാണ്. ഹൗസ് കണക്ഷനിലേക്കുള്ള മേഖലയിൽ എവിടെയെങ്കിലും ലീക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ മീറ്റർ സ്ഥാപിച്ചതിനുശേഷമാണെങ്കിൽ ആ തുക ഉപഭോക്താവ് കൊടുക്കേണ്ടതായിട്ടുവരും, പക്ഷെ അവർ വെള്ളം ഉപയോഗിച്ചിട്ടുമില്ല. ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങൾ വരികയും, പിന്നെ കാലാകാലങ്ങളായി തുക അടയ്ക്കാൻ വൈമുഖ്യം പ്രകടിപ്പിച്ചുകൊണ്ട് ഭീമമായ തുകയായി ഉയർന്നു വന്നിട്ടുള്ള ധാരാളം കേസ്സുകൾ കാണാൻ കഴിയും. കുടിവെള്ളമായതുകൊണ്ട് സമ്മർദ്ദങ്ങളും ബുദ്ധിമുട്ടുകളും മാനുഷിക പരിഗണനകളും കണക്കാക്കി കണക്ഷൻ കട്ട് ചെയ്യാനുള്ള ബുദ്ധിമുട്ടും വാട്ടർ

അതോറിറ്റിക്ക് ഉണ്ട്. ഇങ്ങനെയൊരു പോക്ക് വലിയ ബുദ്ധിമുട്ട് ഉളവാക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ഞങ്ങൾ ഒരു അറിയിപ്പ് കൊടുത്തിരുന്നു, വെള്ളം ഉപയോഗിക്കാത്ത സമയം മീറ്റർ കറങ്ങുന്നുണ്ടെങ്കിൽ അത് ശ്രദ്ധിക്കുകയും കംപ്ലയിന്റ് ചെയ്യുകയും ചെയ്യണം, പക്ഷേ അതും കാര്യക്ഷമമായി ആരും പ്രയോജനപ്പെടുത്തുന്നില്ല. ഇത്തരം കുടിശ്ശിക തുക തീർക്കുന്നതിനുവേണ്ടി ഒരു അദാലത്ത് നടത്താൻ വാട്ടർ അതോറിറ്റി ശ്രമിക്കുകയാണ്. അത് വലിയതോതിലുള്ള പണം സാധാരണക്കാർക്ക് ലഭിക്കും, വാട്ടർ അതോറിറ്റി അതിൽ സ്വാഭാവികമായും വരുന്ന വർദ്ധിച്ച തുക, എവിടെയാണ് അതിന്റെ വീഴ്ചയെന്ന് കണ്ടെത്താൻ ശ്രമിക്കും. അതിനാവശ്യമായ ഉത്തരവ് നൽകിയിട്ടുണ്ട്. ആഗസ്റ്റ് മാസം 15-ാം തീയതി, സ്വാതന്ത്ര്യദിനം വരെയുള്ള ദിവസം വിവിധ തലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്, ഏകദേശം 50 ശതമാനത്തിനടുത്ത് ഇളവുകൾ സ്വാഭാവികമായും ലഭിക്കുമെന്നാണ് ചില കാര്യങ്ങൾ പരിശോധിച്ചപ്പോൾ കാണാൻ സാധിച്ചത്. എല്ലാ എം.എൽ.എ.-മാരും അക്കാര്യത്തിൽ സഹായകരമായി നിന്നാൽ ആ കുടിശ്ശിക തീർക്കാൻ കഴിയും, അത് ജനങ്ങൾക്ക് ഉപകാരമാകും, ഈ കാലയളവിൽ ആനുകൂല്യങ്ങൾ നൽകാൻ

ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അദാലത്ത് നടത്തി നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുമ്പോൾത്തന്നെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നല്ല രീതിയിൽ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ടി സിദ്ദിഖ്</u>: സർ, നിലവിലുള്ളതായ ജൽ ജീവൻ മിഷന്റെ പ്രവർത്തനവേഗത അനുസരിച്ച്, ആ പദ്ധതി ഏത് സമയത്തേക്ക് പൂർത്തീകരിക്കാൻ പറ്റുമെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട കാര്യം. അത് ചോദിക്കുന്നതിന് പ്രധാനപ്പെട്ട കാര്യമുണ്ട്, ജൽ ജീവൻ മിഷൻ വരുന്നുവെന്നതുകൊണ്ട് മറ്റുള്ള പദ്ധതികൾ വേണ്ട എന്നുള്ള നിലപാട് ഉദ്യോഗസ്ഥതലത്തിൽ ട്രൈബൽ മേഖലകളിലുൾപ്പെടെ ചില ഇടങ്ങളിൽ സ്വീകരിച്ച് വരുന്നു. അതുകൊണ്ടുതന്നെ ഇത് ഏത് സമയത്തേക്ക് പൂർത്തീകരിക്കാൻ പറ്റുമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതിനനുസരിച്ച് മറ്റു പദ്ധതികളും അതിന്റെ കൂടെചേർത്ത് മുന്നോട്ട് പോകാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, 2024-25 ആകുമ്പോൾ പൂർണ്ണമായും ഈ പദ്ധതി പൂർത്തിയാക്കാൻ കഴിയണം. പ്രിയപ്പെട്ട അംഗത്തിന് ആ

മണ്ഡലത്തെക്കുറിച്ച് നല്ല ബോധ്യമുണ്ട്. നമ്മൾ ഇത്തരം കാര്യങ്ങളിൽ ചെയ്യേണ്ടത് ഒരു പ്രദേശത്തിന്റെ പൊതുവായ വിഷയം പരിഹരിക്കാൻ നല്ല ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുകയെന്നുള്ളതാണ്. മൈക്രോ സ്കീമുകൾ ഇനി കേരളത്തിന് എത്രത്തോളം പ്രായോഗികമാണ്, അതാണ് ചിന്തിക്കേണ്ടത്. ചെറുകിട പദ്ധതികളെല്ലാം വർഷംചെല്ലുംതോറും ആ പദ്ധതിക്കാവശ്യമായ ജല സ്രോതസ്സ് ഇല്ലാതെ വരുന്ന സ്ഥിതിയാണ് കണ്ടെത്തുന്നത്. അതുകൊണ്ടാണ് ഇത്തരത്തിലുള്ള നല്ല പദ്ധതികൾ ഡെവലപ്പ് ചെയ്തു കൊണ്ടുവരേണ്ടതായിട്ടുള്ളത്. ചെറുകിട പദ്ധതികൾ ഇതിൽ കൂട്ടിച്ചേർക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിട്ടല്ല, ഈ പദ്ധതി പൂർത്തീകരിക്കാൻ ഇച്ഛാശക്തിയുണ്ടാകുകയെന്നുള്ളതാണ്. അതാണ് ഞാൻ ആദ്യം സൂചിപ്പിച്ചത്, അതാത് നിയോജകമണ്ഡലത്തിൽ അതാത് എം.എൽ.എ.-മാർ ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായൊരു സമീപനം സ്വീകരിക്കണം, ഈ സ്കീം മുഖ്യമന്ത്രി നേരിട്ട് റിവ്യൂ ചെയ്യുന്നുണ്ട്, ആ നിലയിലാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ വലിയ താൽപ്പര്യമെടുക്കുന്നുണ്ട്, വലിയ തോതിലുള്ള സ്റ്റേറ്റ് ഷെയർ നമ്മൾ കൊടുക്കുന്നു, കേന്ദ്ര വിഹിതവും ലഭിക്കുന്നുണ്ട്. അതിന് നല്ലൊരു സ്ഥിതി രൂപപ്പെടുത്താൻ നമ്മുടെ

പഞ്ചായത്തുകളിലെയും നിയോജകമണ്ഡലത്തിലേയും സ്ഥിതികളുടെ വേഗത മനസ്സിലാക്കി പോരായ്മയുണ്ടെങ്കിൽ, ഇടപെടൽ ആവശ്യമുണ്ടെങ്കിൽ അതിൽ ഇടപെടാൻ ഗവൺമെന്റ് തയ്യാറാണ്, തർക്കങ്ങളോ തടസ്സങ്ങളോ ഉണ്ടെങ്കിൽ അത് പരിഹരിക്കും. സ്വാഭാവികമായും ഒന്നരവർഷത്തെ കാലാവധിയായിരിക്കും ടെണ്ടർ നടപടികൾക്കുശേഷം വയ്ക്കുക. കാലാവസ്ഥ മോശമായതുകൊണ്ടോ, മറ്റ് ചില കാരണങ്ങളാലോ എക്സ്റ്റെൻഡ് ചെയ്യേണ്ടി വന്നാൽ, ഇപ്പോഴത്തെ രീതിയിൽ നമ്മൾ പരിശോധിക്കുമ്പോൾ കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് 12 ലക്ഷം കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. വരുന്ന വർഷങ്ങളിൽ നമുക്ക് അതനുസരിച്ച് മുന്നോട്ട് പോയാൽ 2024-25, 2025-26 -ന് മുൻപ് കേരളത്തിൽ സമ്പൂർണ്ണമായിട്ടും വെള്ളം കൊടുക്കുന്ന പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പി മണ്ഡലത്തിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും ജൽ ജീവൻ മിഷന്റെ ഫണ്ട് ലഭ്യമാക്കുകയും വളരെ വേഗത്തിൽ അതിന്റെ നടപടികൾ പൂർത്തീകരിക്കുന്നതിന് സഹായിക്കുകയും ചെയ്ത ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. പട്ടാമ്പി നഗരസഭയിൽ കുടിവെള്ള ക്ഷാമവും പൈപ്പ് ലൈൻ പൊട്ടുന്നതും സ്ഥിരം

സംഭവമാണ്. അമൃത് -2 പദ്ധതിയിൽ 7 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. നിലവിലെ പൈപ്പുകൾ 40-45 വർഷം പഴക്കമുള്ളതാണ്, പഴയ സിമെന്റ് പൈപ്പുകൾ പൊട്ടിക്കൊണ്ടിരിക്കുകയാണ്. വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ ഏതാണ്ട് 75 കോടി രൂപയാണ് അതിന് എസ്റ്റിമേറ്റ് എടുത്തത്. സ്ഥലം നഗരസഭ വാങ്ങിക്കഴിഞ്ഞു, പൈപ്പ് ലൈൻ മാറ്റാനും, പ്ലാന്റിനുള്ള ഫണ്ട്കൂടി ലഭ്യമാക്കിക്കഴിഞ്ഞാൽ വളരെ വേഗത്തിൽ അത് പൂർത്തീകരിച്ചാൽ പൂർണ്ണമായും കുടിവെള്ള പ്രശ്നം പരിഹരിച്ച മണ്ഡലമായി അതിനെ മാറ്റാൻ കഴിയും. അതിന് അങ്ങ് സഹായിക്കുമോ എന്നതാണ് ചോദ്യം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അമൃത് -2 പദ്ധതിയിൽ നമ്മൾ ഉദ്ദേശിച്ച അത്രയും തുക ലഭ്യമായില്ല, അതുകൊണ്ടുതന്നെ ഓരോ മുനിസിപ്പാലിറ്റിയും കോർപ്പറേഷനുമെടുത്ത് പരിശോധിക്കുമ്പോൾ കുറച്ച് കുറവ് വന്നിട്ടുണ്ട്. അതിന് ബാക്കിയുള്ള തുക കണ്ടെത്തി ആ പദ്ധതികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻകൊണ്ടുമാത്രം പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്ന സ്ഥിതി നിലവിൽ ഇല്ല. സമ്പൂർണ്ണ കുടിവെള്ളം എന്ന നിലയിലേക്ക് വരുമ്പോൾ അർബൻ മേഖലയിൽ

ഉണ്ടാകുന്ന ഷോർട്ടേജ് എങ്ങനെ പരിഹരിക്കാം എന്നതിനെക്കുറിച്ച് തത്വത്തിൽ ആലോചിക്കേണ്ടതായിട്ടുണ്ട്, ആ ആലോചനയുടെ ഭാഗമായി ആ മണ്ഡലത്തിലേയും വിഷയങ്ങൾ പരിഹരിക്കാൻ കഴിയുന്ന സാഹചര്യങ്ങളെക്കുറിച്ച് പരിശോധിക്കുന്നതായിരിക്കും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വളരെ നല്ല ഭാവനയുള്ള പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. പ്രസ്തുത പദ്ധതി നമ്മുടെ പഞ്ചായത്തുകളിൽ മുഴുവൻ വ്യാപിപ്പിച്ചെങ്കിലും ഇതിൽ പ്രായോഗികമായ മറ്റൊരു വശമുണ്ട്, പദ്ധതിക്കായി പൈപ്പുകൾ ഇറക്കിക്കഴിയുമ്പോൾ വളരെ കഷ്ടപ്പെട്ട് പഞ്ചായത്തുകൾ നിർമ്മിച്ച റോഡുകൾ പൊട്ടിപ്പൊളിയുകയാണ്. അത്തരം റോഡുകൾ നന്നാക്കുന്നതിനുള്ള നടപടി കുടിവെള്ള പദ്ധതിയുടെ കോൺട്രാക്ടിൽത്തന്നെ അവരുടെ ബാദ്ധ്യതയാണ് എന്ന രീതിയിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ വെള്ളം കിട്ടുമ്പോൾ നമ്മുടെ റോഡ് നശിക്കുന്ന അവസ്ഥയുണ്ടാകും. അത്തരം സാഹചര്യമുണ്ടാകാതിരിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ സഹകരണം പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്ന് അങ്ങിവിടെ സൂചിപ്പിച്ചു, പി.ഡബ്ല്യു.ഡി. റോഡുകളുടെ

വശങ്ങളിൽക്കൂടി പൈപ്പുകൾ സ്ഥാപിച്ചുപോയാൽ ഒരു പരിധിവരെ പലപ്രശ്നങ്ങളും ഒഴിവാക്കാൻ സാധിക്കുമെങ്കിലും റോഡിന്റെ മധ്യഭാഗത്തുകൂടി മാത്രമേ കുഴിക്കുകയുള്ളൂവെന്ന വാശി ചിലസ്ഥലങ്ങളിൽ കാണുന്നുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് ഷോൾഡർ ലൈനിലൂടെ പൈപ്പിട്ടുപോകുന്നതിന് നിർദ്ദേശം നൽകുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, സ്വാഭാവികമായും ഇത്തരം പദ്ധതികളുമായി ബന്ധപ്പെട്ടുകൊണ്ട് ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ടെങ്കിലും നിർബന്ധപൂർവ്വം റോഡിന്റെ മധ്യത്തിലൂടെ പൈപ്പ്ലൈൻ കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കാം, അങ്ങനെയൊരു കാര്യം ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച ബുദ്ധിമുട്ടുകൾ പഞ്ചായത്തുകൾക്ക് ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഇക്കഴിഞ്ഞ വർഷത്തെ ലിസ്റ്റിലുള്ള പ്രവൃത്തികളിൽ കുടിവെള്ള പദ്ധതിക്കായി പഞ്ചായത്ത് റോഡുകൾ വെട്ടിപ്പൊളിക്കേണ്ടിവന്നാൽ റോഡ് പുനഃസ്ഥാപിക്കാനുള്ള ഫണ്ടുകൂടി ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ റോഡ് പുനഃസ്ഥാപന

പ്രവൃത്തിക്കായുള്ള ഫണ്ട് പഞ്ചായത്ത് കണ്ടെത്തേണ്ടതില്ല. ഗ്രാമീണ റോഡുകൾ പൊളിക്കുമ്പോൾ അറ്റകുറ്റപ്പണി നടത്താനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് പദ്ധതിയുടെ ആദ്യ രണ്ട് ഘട്ടത്തിനുശേഷം ആരംഭിച്ച പ്രവൃത്തികളുടെ തുക വിനിയോഗിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ പൊതുവായ വീക്ഷണം ആവശ്യമാണെന്നതുകൊണ്ടുതന്നെ പഞ്ചായത്തുകളുടെ സഹകരണവും ആവശ്യമാണ്. മുൻകാലങ്ങളിലും കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുമ്പോൾ റോഡ് വെട്ടിപ്പൊളിക്കേണ്ടി വന്നിട്ടുണ്ട്. പരമാവധി ദോഷകരമാകാതെയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതരത്തിലും പദ്ധതിപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്ന നടപടികൾ സ്വീകരിക്കാം.

ശ്രീ. പി. വി. അൻവർ: സർ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഏറ്റവും വലിയ വെല്ലുവിളി നേരിടുന്നത് സ്ഥലം ഏറ്റെടുക്കുന്നതിലാണ്. നിലമ്പൂർ മണ്ഡലത്തിൽ ഏകദേശം 790 കോടി രൂപയുടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ പദ്ധതിക്കായി എവിടെയെങ്കിലും ലഭ്യമാകുന്ന സ്ഥലം ഏറ്റെടുത്തുനൽകാൻ കഴിയില്ല, വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന സ്ഥലംതന്നെ ഏറ്റെടുത്തുനൽകേണ്ടതുണ്ട്.

ഏറ്റെടുക്കപ്പെടേണ്ട സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതിൽ പല പ്രയാസങ്ങളും വന്നുചേരുന്നുണ്ട്. നിലവിലെ ഭൂമി ഏറ്റെടുക്കൽ സംവിധാനമനുസരിച്ചുള്ള വില നിശ്ചയിച്ചാൽ ഭൂമി ലഭ്യമാകില്ല. നിലമ്പൂർ മണ്ഡലത്തിലെ രണ്ട് പ്രോജക്റ്റുകൾക്കായി പണം വകയിരുത്തിയിരിക്കുന്നത് എം.എൽ.എ. ഫണ്ടിൽനിന്നാണ്. വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്തമായി പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടെങ്കിലും ഭൂമി ഏറ്റെടുക്കണമെങ്കിൽ ജില്ലാ കളക്ടർ തീരുമാനമെടുക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തനത്തിന്റെ പരിമിതികളെക്കുറിച്ചാണ് കളക്ടർ സൂചിപ്പിക്കുന്നത്. ബൃഹത്തായ പദ്ധതിയെന്ന നിലയിൽ സ്ഥലം ഏറ്റെടുക്കുന്നതോടനുബന്ധിച്ച് ഭൂമിവില നിശ്ചയിക്കുന്നതിനുള്ള ഒരു പ്രത്യേക അധികാരം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടില്ലെങ്കിൽ പദ്ധതികൾ ഉദ്ദേശിച്ച രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയില്ല. ഇത്തരം പ്രയാസങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഈ വിഷയം ഞാൻ നേരത്തെതന്നെ സൂചിപ്പിച്ചതാണ്. ഇത്തരം പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അധികാരംകൂടി ജില്ലാ കളക്ടർമാർക്ക് നൽകിയിരിക്കുകയാണ്. ഭൂമി

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കളക്ടറുടെ നേതൃത്വത്തിൽ അതത് സ്ഥലങ്ങളിൽ യോഗം ചേർന്ന് ചർച്ചചെയ്ത് വില നിശ്ചയിക്കാനാവശ്യമായ മാനദണ്ഡമുണ്ടാക്കുകയും, ഇതിനായി ഒരു പൊതുവേദി രൂപീകരിക്കുകയുംചെയ്തുകൊണ്ട് ആവശ്യമായ സ്ഥലം കണ്ടെത്തേണ്ടത് അനിവാരമാണെന്നതിൽ തർക്കമില്ല. അതുകൊണ്ടുതന്നെ ഇതൊരു പ്രത്യേക വിഷയമായി കണക്കാക്കുന്നില്ലെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് ശരിയാണ്, പദ്ധതിക്കായി ഓരോ സ്ഥലത്ത് ചെല്ലുമ്പോഴും മേൽസൂചിപ്പ ബുദ്ധിമുട്ട് നാം നേരിടുന്നുണ്ട്. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെ ഒരു യോഗം വിളിച്ചുചേർക്കേണ്ടതും, ഏതെങ്കിലും വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ലഭ്യമാകുമെങ്കിൽ അതിന് മുൻഗണന നൽകേണ്ടതുമാണ്. അവശേഷിക്കുന്ന വിഷയങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും ഇടപെടലുകളും ഒപ്പം സാമൂഹ്യ ഇടപെടെലുകളും ഇത്തരം പദ്ധതികളിൽ ആവശ്യമാണ്. ഏതെങ്കിലും ഭൂമി ഏറ്റെടുക്കുന്നതിന് അല്പംതുക കൂടുതലായാൽ അത് സമാഹരിക്കുന്നതിനായി എല്ലാകാര്യങ്ങളും ചട്ടപ്രകാരം വേണമെന്ന നിർബന്ധബുദ്ധിയില്ലാതെ, സാമൂഹ്യമായ ഇടപെടലിലൂടെ സാധിക്കുന്നതാണ്. അത്തരത്തിൽ ഒരു

പൊതുവേദി രൂപീകരിച്ച് സ്ഥലമേറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്തണമെന്ന അഭിപ്രായമാണുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, യഥാർത്ഥത്തിൽ ഈ പദ്ധതിയുടെ പകുതി വിഹിതം (50%) കേന്ദ്രവും ബാക്കി പകുതി വിഹിതം സംസ്ഥാനവും വഹിക്കേണ്ടതാണ്. എന്നാൽ സംസ്ഥാന വിഹിതമായ അൻപത് ശതമാനം വകയിരുത്തേണ്ടതിനുപകരം 25% സംസ്ഥാനവിഹിതം, 15% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, 10% പൊതുസംഭാവന എന്നരീതിയിലുള്ള ഘടനയാണ് സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ചത്. ശമ്പളം കൊടുക്കാൻപോലും പണമില്ലാതെ പല പഞ്ചായത്തുകളും പ്രയാസപ്പെടുന്ന ഈ ഘട്ടത്തിൽ 15% വിഹിതം വഹിക്കുകയെന്നത് കേരളത്തിലെ എത്ര പഞ്ചായത്തുകൾക്ക് സാധിക്കും? പദ്ധതിയുടെ 10% തുക പൊതുജനങ്ങളിൽനിന്നുള്ള വിഹിതമായി സമാഹരിക്കുന്നതും ശ്രമകരമാണ്. ഞാൻ സൂചിപ്പിക്കുന്നത് ഒരു പൊതുവിഷയമാണ്, അതല്ലാതെ രാഷ്ട്രീയമായി ഏതെങ്കിലും പഞ്ചായത്തിൽമാത്രമുള്ള വിഷയമല്ല. ഗവൺമെന്റ് ഏറ്റെടുക്കേണ്ട ബാദ്ധ്യതകൂടി പഞ്ചായത്തുകളുടെ തലയിൽ കെട്ടിവയ്ക്കുന്ന നടപടി

പിൻവലിക്കാനോ അതല്ലെങ്കിൽ പ്രസ്തുത വിഹിതം നൽകാൻ ശേഷിയില്ലാത്ത തദ്ദേശസ്ഥാപനങ്ങളുടെ വിഹിതംകൂടി സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാനോ തയ്യാറാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനം പറഞ്ഞ കാര്യമാണ് ശരിയായിട്ടുള്ളത്. പദ്ധതി വിഹിതം വഹിക്കുന്നതിൽ പ്രയാസം അനുഭവിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്തുനടപടി സ്വീകരിക്കണമെന്നത് ആലോചിക്കേണ്ടതാണ്. എല്ലാവരുടെയും സഹകരണമില്ലാതെ ഒരു പദ്ധതിയും കേരളത്തിൽ നടപ്പിലാക്കാൻ കഴിയില്ല. കേരളത്തിലെ ചില പഞ്ചായത്തുകൾക്ക് മുൻസിപ്പാലിറ്റികളേക്കാളും വരുമാനമുണ്ട്, പല പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അവരുടെതന്നെ സ്വന്തം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുമുണ്ട്. അവയൊക്ക പൂർണ്ണമാക്കുന്ന തരത്തിൽ, ഒരു പദ്ധതിക്ക് അവശ്യംവേണ്ട വിഹിതം മാത്രമേ വകയിരുത്താൻ പറയുന്നുള്ളൂ. പ്രസ്തുത പദ്ധതി വളരെ നല്ലരീതിയിൽ മുമ്പോട്ടുകൊണ്ടുപോകുന്നതിനുള്ള എല്ലാ ഘടകങ്ങളും ഗവൺമെന്റിന് സഹായകമായി നിൽക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ്

പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പദ്ധതിവിഹിതവും പഞ്ചായത്തുകളുടെ തനത് ഫണ്ടും എത്രയാണെന്നൊക്കെ കൃത്യമായി അറിയാനുള്ള മാർഗ്ഗം തദ്ദേശ സ്വയംഭരണ വകുപ്പിന് ഇന്നുണ്ട്. സഹായം അർഹിക്കുന്നവരാണെന്ന് ബോദ്ധ്യപ്പെടുകയും പദ്ധതി നടപ്പിലാക്കാൻ ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നുണ്ടെങ്കിൽ ആ ഘട്ടത്തിൽ സഹായിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട തടസ്സം നേരത്തേ സൂചിപ്പിച്ചതുപോലെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുണ്ടാകുന്ന ചില പ്രശ്നങ്ങളാണ്. പഞ്ചായത്തുകളിലെ ഭരണകക്ഷി പദ്ധതിയെ പൂർണ്ണമായി അനുകൂലിക്കുമ്പോൾത്തന്നെ പ്രസ്തുത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ സംവിധാനം വേണ്ടത്ര രീതിയിൽ ഇതുമായി സഹകരിക്കാത്ത സാഹചര്യമുണ്ട്. എന്റെ മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്, അവയ്ക്ക് പരിഹാരം കാണേണ്ടതാണ്. 2024-25 വർഷത്തോടെ സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളിലും കുടിവെള്ള കണക്ഷൻ കൊടുക്കുന്നതിനുള്ള പദ്ധതിയെന്ന നിലയിൽ

ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥ സംവിധാനങ്ങളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനായി പഞ്ചായത്ത് അദ്ധ്യക്ഷന്മാരുടെയും പഞ്ചായത്ത് സെക്രട്ടറിമാരുടെയും ജില്ലാതല യോഗങ്ങൾ വിളിച്ചുചേർത്ത് കർശന നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രത്യേകതയുള്ള ചോദ്യമാണ്. ഒരു കാരണവശാലും മേൽസൂചിപ്പിച്ച തരത്തിലുള്ള ഒരു നിലപാട് ഉദ്യോഗസ്ഥർ സ്വീകരിക്കാൻ പാടില്ല. ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കാവശ്യമായ സഹായം ചെയ്യേണ്ട ചുമതല ഉദ്യോഗസ്ഥർക്കുണ്ട്. ഇത്തരം പദ്ധതികൾക്ക് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നുവെന്നത് അത്യന്തം ഗൗരവമുള്ള വിഷയമാണ്. സ്വാഭാവികമായും ജനപ്രതിനിധികളുൾപ്പെടെ ഇക്കാര്യത്തിൽ കാണിക്കുന്ന താൽപര്യത്തോട് യോജിച്ചുനിന്നുകൊണ്ട് പ്രവർത്തിക്കാൻ ഉദ്യോഗസ്ഥർ തയ്യാറാകണം, ആരെങ്കിലും ഇതിനുവിരുദ്ധമായി പ്രവർത്തിച്ച് പദ്ധതി പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെങ്കിൽ, അത്തരം വിഷയങ്ങൾ പ്രത്യേകമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. കേരളത്തിലുടനീളം എല്ലാ വീടുകളിലും ടാപ്പുകളിൽനിന്നും വെള്ളം

ലഭ്യമാക്കുകയെന്ന പദ്ധതി സർക്കാറിന്റെ സുപ്രധാന പദ്ധതിയാണെന്നിരിക്കെ, എന്തെങ്കിലും തടസ്സങ്ങൾ സൃഷ്ടിക്കാൻ ഉദ്യോഗസ്ഥതലത്തിൽ ഇടപെടലുണ്ടാകുന്നുണ്ടെങ്കിൽ അത് ഗവൺമെന്റ് ഗൗരവത്തോടെതന്നെ കാണുന്നതാണ്, ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകുന്നതല്ല.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, സാധാരണക്കാർ കുടിവെള്ളത്തിനായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് കിണർ/ കുഴൽക്കിണറുകളെയാണ്. കുഴൽക്കിണർ നിർമ്മിക്കുന്നതിന് എന്റെ ജില്ലയിൽ കിണർ കുഴിക്കുന്നതിനേക്കാൾ കുറഞ്ഞ ചിലവാണുള്ളത്. കഴിഞ്ഞ നാല് വർഷമായി എന്റെ മണ്ഡലത്തിലും കാസർഗോഡ് താലൂക്കിലും കുഴൽക്കിണർ കുഴിക്കുന്നതിന് കളക്ടർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്, അപേക്ഷിക്കുന്നവർക്ക് കിണർ കുഴിക്കുന്നതിനുള്ള അനുവാദം ലഭ്യമാകുന്നില്ല. വീട് നിർമ്മാണത്തിന്റെ അത്യാവശ്യ ഘട്ടത്തിൽപ്പോലും കുഴൽക്കിണർ കുഴിച്ചാൽ പോലീസ് പിടികൂടുകയും വൻതുക പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ മഞ്ചേശ്വരത്തടക്കമുള്ള പ്രസ്തുത നിരോധനം ഒഴിവാക്കാൻ നടപടി

സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, നിരോധനം എന്നതുകൊണ്ട് ഉദ്ദേശിച്ചത് എന്താണെന്ന് മനസ്സിലായില്ല. ചില ജില്ലകളിൽ കുഴൽക്കിണർ കുഴിക്കാൻ സാധ്യമല്ലാത്ത സാഹചര്യമുണ്ടാകുന്നത് ഭൂഗർഭജലവുമായി ബന്ധപ്പെട്ട പഠനത്തിന്റെ ഭാഗമായിട്ടായിരിക്കാം എന്ന സംശയമുണ്ട്, അത് പരിശോധിക്കേണ്ടതായിട്ടുണ്ട്. അത്തരം കാര്യങ്ങൾ അന്വേഷണ വിധേയമാകേണ്ടതിനാൽ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, കേന്ദ്രഗവൺമെന്റിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാകുന്ന വിഹിതം പലരൂപത്തിലും കുറഞ്ഞുവരികയാണ്. അമൃത് പദ്ധതിക്ക് നേരത്തേയുണ്ടായിരുന്ന വിഹിതം അൻപത് ശതമാനമായിരുന്നത് ഇപ്പോൾ ഇരുപത്തഞ്ച് ശതമാനമായി കുറച്ചിരിക്കുകയാണെന്ന് കേൾക്കുന്നത് ശരിയാണോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, അമൃത് പദ്ധതിക്കായി കേന്ദ്രം അനുവദിച്ച തുകയിലെ കുറവ് ഞാൻ നേരത്തെതന്നെ സൂചിപ്പിച്ചു. പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കാൻ ഗവൺമെന്റ്

ഉദ്ദേശിച്ചിരുന്നെങ്കിലും പദ്ധതി മുമ്പോട്ടുകൊണ്ടുപോകുന്നതിൽ ചെറിയ വിഷമം നേരിട്ടത് കേന്ദ്രവിഹിതത്തിൽ കുറവ് സംഭവിച്ചതിനാലാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയെന്ന ആവശ്യത്തിന് മുൻഗണന നൽകിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ആലോചിച്ചുവരുന്നു.

ശ്രീമതി ദെലീമ: സർ, എന്റെ മണ്ഡലത്തിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. കാരണം താഴ്ന്ന പ്രദേശമായതുകൊണ്ട് കാലപ്പഴക്കംചെന്ന പൈപ്പുകൾ പൊട്ടുന്നൊരു അവസ്ഥയുണ്ട്. അതുകൊണ്ട് ഒറ്റപ്പെട്ട വീടുകളിൽ കുടിവെള്ളം കിട്ടുന്നില്ല. മാത്രമല്ല, തുറവൂർ, കുത്തിതോട് പഞ്ചായത്തുകൾക്കും മാത്രമായി ഒറ്റ ടാങ്കാണുള്ളത്. കോസ്റ്റൽ ഏരിയയിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമായതിനാൽ ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജൽജീവൻ മിഷൻ പദ്ധതിയിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ജൽജീവൻ മിഷന്റെ ഭാഗമായി കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അത് ഇവിടെ മാത്രമല്ല, കേരളത്തിൽ

പൊതുവെ വാട്ടർ അതോറിറ്റി ആദ്യഘട്ടത്തിൽ ചെയ്ത പല പൈപ്പുകളും ഇന്ന് ഉപയോഗ ശൂന്യമാകുന്നൊരു സ്ഥിതിയുണ്ട്. നിരവധിയായ പൈപ്പ് പൊട്ടലുകളുണ്ടാകുന്നതും വെള്ളത്തിന്റെ ചോർച്ചയുണ്ടാകുന്നതുമെല്ലാം അതിന്റെ ഭാഗമായാണ്. ഒരു സ്ഥലത്തെ പൈപ്പ് നന്നാക്കുമ്പോൾ മറ്റൊരിടത്തെ പൈപ്പ് പൊട്ടിപോകുന്നൊരവസ്ഥയാണുള്ളത്. അതുകൊണ്ട് കാലപ്പഴക്കത്തെക്കുറിച്ചൊരു രൂപരേഖ തയ്യാറാക്കാനായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അത്രത്തോളം പഴക്കമുള്ള പൈപ്പ് ലൈനുകളാണെങ്കിൽ അത് മാറുന്നതിനുവേണ്ടിയുള്ള നടപടികൾ എന്താണെന്നുള്ളതിനെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയുന്നതിനുമുമ്പ് ഈ വിഷയം ജൂൺ 30-ാം തീയതി ചോദ്യനമ്പർ (*63) സഭയിൽ വന്നതാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രി വിശദമായി സഭയിൽ മറുപടി പറഞ്ഞതാണ്. അന്നുതന്നെ ശ്രീ. സണ്ണി ജോസഫിന്റെ അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിക്കുകയും ആയതിന് ബഹുമാനപ്പെട്ട മന്ത്രി വിശദമായ മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണ്. ഇക്കാര്യം സഭാംഗങ്ങളെ ഓർമ്മിപ്പിച്ചുവെന്ന് മാത്രം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അതിനോടൊപ്പം ഒരു കാര്യംകൂടി പറയാനുണ്ട്. 2022 ജൂലൈ 19-ാം തീയതിയിലും ഇതേ സ്വഭാവമുള്ള ചോദ്യമാണ് വന്നിട്ടുള്ളത്. അത് ചെയർ പരിശോധിക്കുന്നത് ഉചിതമായിരിക്കും.

മി. സ്പീക്കർ: ശരി.

## ഇക്കോ സെൻസിറ്റീവ് സോണുകൾ

(*212) ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച വിഷയത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഇടപെടൽ കാര്യക്ഷമമായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം സെൻട്രൽ എംപവേർഡ് കമ്മിറ്റിയെയും പരിസ്ഥിതി, വനം, കാലാവസ്ഥാ മന്ത്രാലയത്തെയും അറിയിക്കണമെന്നും ഇതിന്റെയടിസ്ഥാനത്തിൽ കോടതി ഉചിതമായ നടപടികൾ

സ്വീകരിക്കുമെന്നും ഇതുസംബന്ധിച്ച സുപ്രീം കോടതി വിധിയിൽ പ്രതിപാദിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ&ബി) 08-05-2013-ലെയും 23-10-2019-ലെയും മന്ത്രിസഭാ യോഗ തീരുമാനപ്രകാരം ഇക്കോ സെൻസിറ്റീവ് സോണുകൾ നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ യഥാക്രമം 2015-ലും 2020-ലും കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളിൽ ഒന്നൊഴികെ മറ്റൊന്നും കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. മതികെട്ടാൻ ചോല ദേശീയോദ്യാനത്തിന്റെ ഇക്കോ സെൻസിറ്റീവ് സോണിനുമാത്രം 28-12-2020-ൽ അംഗീകാരം ലഭിച്ചു. കരട് വിജ്ഞാപനങ്ങളിൽ വന്ന നിർദ്ദേശങ്ങളിൽ ജനവാസമേഖല ഉൾപ്പെട്ടതിനാൽ ജനവാസ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുസ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-

പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03-06-2022-ലെ IA 1000/2003 നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്നപ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ പൂജ്യം മുതൽ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ടി യോഗ തീരുമാനപ്രകാരം ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചതിനുശേഷം ജനവാസ കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ

വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററി (KSREC)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ നിലവിലുള്ള ഇക്കോ സെൻസിറ്റീവ് സോൺ നിർദ്ദേശങ്ങൾ CEC-യ്ക്കുംകൂടി സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിന്റെ ഭൂവിസ്തൃതി, ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ, വനമേഖലാ വിസ്തൃതി, ജനസാന്ദ്രത തുടങ്ങിയ പ്രത്യേക സഹചര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ESZ-ൽനിന്നും ജനവാസ മേഖലകളെ ഒഴിവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വനം-വന്യജീവി വകുപ്പ് കേന്ദ്ര പരിസ്ഥിതി-വനം വകുപ്പുമന്ത്രിക്ക് 22-06-2022-ൽ കത്തയച്ചിട്ടുണ്ട്. ദീർഘമായ മറുപടിയായതിനാൽ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു.+

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ബഫർസോൺ സംബന്ധിച്ച് ജൂൺ നാലിനുള്ള സുപ്രീം കോടതിയുടെ ഉത്തരവ് കേരളത്തിലെ ജാതി ഭേദമന്യേ എല്ലാ ജനങ്ങളെയും ആശങ്കയിലാക്കിയിരിക്കുകയാണ്. അതുമായി

+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർക്കുന്നു.

ബന്ധപ്പെട്ട് സർക്കാർ എടുക്കുന്ന തീരുമാനങ്ങളെ സംബന്ധിച്ച് വ്യക്തമായൊരു അറിവുണ്ടാകാൻ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിനെതിരെ ജൂലൈ 6-ന് നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ച പ്രമേയവുമായി മുന്നോട്ടുപോകുമെന്ന് സർക്കാർ പറയുമ്പോഴും സംരക്ഷിത വനമേഖലയ്ക്ക് ചുറ്റും 1 കിലോ മീറ്ററുവരെ ഇക്കോ സെൻസിറ്റീവ് സോണാകാമെന്ന് 2019 ഒക്ടോബർ 23-ന് കേരള സർക്കാർ എടുത്ത തീരുമാനം ക്യാബിനറ്റ് കൂടി പിൻവലിക്കാത്തപക്ഷം സുപ്രീം കോടതി നൽകുന്ന പുന:പരിശോധന ഹർജിയും സെൻട്രൽ എംപവേർഡ് കമ്മിറ്റിക്ക് നൽകുന്ന അപ്പീലും തള്ളാനുള്ള സാധ്യതയുണ്ടെന്ന കാരണത്താൽ സർക്കാർ 2019-ലെ ക്യാബിനറ്റ് തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കഴിഞ്ഞ ദിവസം ഇതിനെക്കുറിച്ച് അടിയന്തരപ്രമേയ ചർച്ചവന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. തദവസരത്തിൽ ഇക്കാര്യം വളരെ വ്യക്തമായി പറഞ്ഞതാണ്. കേന്ദ്രത്തോട് ആവശ്യപ്പെടുന്ന പ്രമേയത്തിൽ അത് ചേർക്കേണ്ടതില്ല. അത് സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യമാണ്.

അതിന്റെ സാധ്യത പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, അത് ചെയ്യുമോയെന്നാണ് ചോദിച്ചത്; അത് ചെയ്യുമെന്ന് മന്ത്രി പറഞ്ഞതിൽ സന്തോഷമുണ്ട്. എറണാകുളം നഗരത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന മംഗളവനം പക്ഷി സങ്കേത കേന്ദ്രം സെപ്റ്റംബർ 2020-ൽ ഇക്കോ സെൻസിറ്റീവ് സോണായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനം ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഈ പുതിയ ഉത്തരവ് പ്രകാരം ഇതിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല പ്രദേശമായി മാറുന്ന സാഹചര്യം മംഗളവനത്തെ ബാധിക്കുമോ; അങ്ങനെ ബാധകമായാൽ എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഹൈക്കോടതി, മാർക്കറ്റ്, ബ്രോഡ്‌വെ, അയ്യപ്പൻകാവ്, പച്ചാളം പ്രദേശത്തെ ജനസാന്ദ്രതയുള്ള പ്രദേശങ്ങളെല്ലാം ഇതിൽ ഉൾപ്പെടും. പ്രധാനപ്പെട്ട വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന ഈ കേന്ദ്രം തുടർ വികസനത്തിന് വലിയ സ്തംഭനമുണ്ടാകും. അതിനെ അതിജീവിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മംഗളവനത്തെ സംബന്ധിച്ച്

ബഹുമാനപ്പെട്ട അംഗം പങ്കുവച്ച ആശങ്ക ശരിയാണ്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ മംഗളവനത്തെയും ബന്ധപ്പെട്ടുള്ള പ്രദേശങ്ങളെയും പൂർണ്ണമായും ഒഴിവാക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീമതി കെ. കെ. രമ: സർ, ഇക്കോ സെൻസിറ്റീവ് സോണുകളിലെ ജനവാസകേന്ദ്രങ്ങളെ മുൻനിർത്തി ക്വാറി മാഫിയയും ഭൂമാഫിയയും വൻതോതിൽ പ്രകൃതി ചൂഷണം നടത്തുന്ന സാഹചര്യമുണ്ട്. ഇക്കോ സെൻസിറ്റീവ് സോണുകളിലെ അനധികൃത ക്വാറികൾ, ഇതര സംരംഭങ്ങൾ തുടങ്ങിയവയെക്കുറിച്ച് ആധികാരികമായ പഠനങ്ങൾ എന്തെങ്കിലും നടന്നിട്ടുണ്ടോ; ജനവാസകേന്ദ്രങ്ങളെ മുൻനിർത്തിയുള്ള പ്രകൃതി ചൂഷണം നടത്തുന്ന ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് മറ്റ് പ്രധാന പ്രശ്നങ്ങളിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധകൊണ്ടുവരുന്ന ചോദ്യമാണ്. ഇത്തരത്തിലുള്ള ചൂഷണം ഈ മേഖലകളിൽ ഉണ്ടാകാൻ പാടില്ലെന്ന ഉദ്ദേശം മനസ്സിൽവച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ ബഫർ സോണുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

എന്നാൽ കേരളത്തെപ്പോലുള്ളൊരു പ്രത്യേക സ്ഥലത്ത് എല്ലാ സ്ഥലങ്ങളും ബഫർസോണുകളായി പ്രഖ്യാപിച്ചാലുണ്ടാകാനിടയുള്ള ജനകീയ പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഇളവ് വേണമെന്ന് പറഞ്ഞത്. അങ്ങനെ ഇളവ് ആവശ്യപ്പെടുമ്പോഴും ഇത്തരത്തിലുള്ള ചുവന്ന പട്ടികയിൽപ്പെട്ട വ്യവസായങ്ങളും വലിയ തോതിലുള്ള മൈനിംഗും അനുവദിക്കുകയില്ലെന്ന ഒരു ക്ലാരിഫിക്കേഷൻകൂടി അതിലുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ആശങ്ക ശരിയാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ:</u> സർ, ഇക്കോ സെൻസിറ്റീവ് സോണിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ അവസരോചിതമായ നിലപാടുകൾ സ്വീകരിച്ചുവരികയാണ്. എന്റെ ചോദ്യം, കേരളത്തിലെ വനമേഖലയോട് ചേർന്ന് നൂറ്റാണ്ടുകളായി ജീവിക്കുന്ന ആദിവാസികളെയും പിന്നോക്ക ജനവിഭാഗങ്ങളെയും നേരിട്ട് ബാധിക്കുന്ന ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു നിയമനിർമ്മാണം നടത്തണമെന്ന് കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങൾ കേന്ദ്ര ഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ വിഷയത്തിൽ പ്രതിപക്ഷ

ഭരണകക്ഷി വ്യത്യാസമില്ല. അതുകൊണ്ടുതന്നെ പാർലമെന്റ് സമ്മേളനത്തിന്റെ മുന്നോടിയായി സാധാരണ നടക്കാറുള്ള കേരളത്തിൽനിന്നുള്ള ലോക്സഭ, രാജ്യസഭാംഗങ്ങളുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്തിട്ടുണ്ടായിരുന്നു. ആ യോഗത്തിൽ പാർലമെന്റിനകത്ത് എന്തൊക്കെ നടപടികൾ സംയുക്തമായി സ്വീകരിക്കാൻ കഴിയുമോ ആ നടപടികളെല്ലാം സ്വീകരിക്കാമെന്ന് അവർ ഉറപ്പുനൽകിയിട്ടുണ്ട്. പാർലമെന്റ് മെമ്പർമാർ അവരുടേതായ രീതിയിലൂടെ ആ പ്രശ്നങ്ങൾ ഉന്നയിക്കാനും പരിഹാരം കാണാനും സമ്മതിച്ചിട്ടുമുണ്ട്. അവരുടെ പ്രവർത്തനം നമുക്ക് സഹായകരമാകുകയും അത് കേരളത്തിന് ഗുണകരമായിത്തീരുകയും ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വന്യജീവി സങ്കേതങ്ങളെക്കുറിച്ച് പറയുമ്പോൾ അട്ടപ്പാടിയിൽ സൈലന്റ് വാലി വന്യജീവിസങ്കേതമുണ്ട്. അതിനുപുറമെ നിലവിൽ പുതിയ വന്യജീവി സങ്കേതത്തിനുകൂടിയുള്ള പ്രൊപ്പോസൽ നിൽക്കുകയാണ്. അതിന്റെ നോട്ടിഫിക്കേഷനായിട്ടില്ല. ഭവാനി വന്യജീവി സങ്കേതം. ഇനി മറ്റൊരു വന്യജീവി സങ്കേതം വന്നാൽ അതിനും ബഫർ സോണും പ്രശ്നങ്ങളുമുണ്ടാകും. പുതിയ വന്യജീവി

സങ്കേതങ്ങൾ കേരളത്തിൽ വേണ്ടെന്ന നിലപാട് സർക്കാർ സ്വീകരിക്കുന്നതോടൊപ്പം അട്ടപ്പാടിയിലുള്ള ഈ പ്രോപ്പോസലിന്റെ നോട്ടിഫിക്കേഷനാകാത്തതിനാൽ സ്റ്റേറ്റ് ഗവൺമെന്റിന് അത് ഒഴിവാക്കാവുന്നതേയുള്ളൂ. ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിയമപരമായി സംസ്ഥാന സർക്കാരിന് എന്തൊക്കെയാണോ ചെയ്യാൻ കഴിയുന്നത് ആ കാര്യങ്ങളെല്ലാം ചെയ്യാം. ഇത് സംബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പ്രതിപക്ഷ എം.പി.മാർ പങ്കെടുത്തിട്ടില്ലെന്നത് ദൗർഭാഗ്യകരമാണ്. പക്ഷേ, അവർ സഹകരിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

## സ്വാഭാവിക വനവികസനം

(*213) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധിനിവേശ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും കടന്നുകയറ്റം സ്വാഭാവിക വനങ്ങളെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സസ്യങ്ങളെയും വൃക്ഷങ്ങളെയും ഒഴിവാക്കി സ്വാഭാവിക വനം വികസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്വാഭാവിക വനത്തിന്റെ ശോഷണ ഫലമായിട്ടാണോ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതെന്ന് പരിശോധിക്കുമോ?

വനം വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി 17.12.2021-ലെ സർക്കാർ ഉത്തരവ് (കൈ)നം.29/2021/വനം പ്രകാരം നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയരേഖയാണ് അംഗീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. ആരോഗ്യകരമായ സ്വാഭാവിക/പരിസ്ഥിതി

പുനഃസ്ഥാപനത്തിന് സുസ്ഥിര സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ലക്ഷ്യം വയ്ക്കുന്നത്.

(സി) ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളെയും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ടി പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾകൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുവാനുള്ള കാരണങ്ങളിലൊന്നായി സ്വാഭാവിക വനത്തിന്റെ ശോഷണത്തിന് കാരണമായ അധിനിവേശ സസ്യങ്ങളെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയ പ്രകാരം

<u>ശ്രീ. കെ.പി.എ. മജീദ്</u>: സർ, വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക്

ഇറങ്ങുന്നത് സംബന്ധിച്ച് പല ഘട്ടങ്ങളിലായി ചർച്ച നടത്തിയതാണ്. ആനകളുടെ ശല്യം മുഖേന കൃഷിക്കാർക്കും കർഷകർക്കും ആദിവാസികൾക്കും നിരന്തരമായി ബുദ്ധിമുട്ട് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ച പഠനത്തിൽ ഇത്തരം സാഹചര്യത്തെ നേരിടുന്നതിന് എന്തെല്ലാം ചെയ്യാനുദ്ദേശിക്കുന്നു. അതുസംബന്ധിച്ച് എന്തെങ്കിലും ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇതുസംബന്ധിച്ചൊരു ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ സൂചിപ്പിച്ച ഒരു പ്രധാന കാര്യമായി വന്നിട്ടുള്ളത്, വനത്തിനകത്തെ വനശോഷണവും വിദേശ സസ്യങ്ങളുമായി ബന്ധപ്പെട്ട വൃക്ഷങ്ങളുടെ വളർച്ചയും കാട്ടാനകളെ കാട്ടിൽനിന്നും നാട്ടിലെത്തിക്കുന്നതിന് പ്രേരകമായ ഒരു ഘടകമായി കണ്ടെത്തിയിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയപ്രകാരം

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ആ പ്രേരക ഘടകത്തിന് എന്തെങ്കിലും പരിഹാരമുണ്ടായിട്ടുണ്ടോ; പരിഹാര നിർദ്ദേശങ്ങളുണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ വനം വകുപ്പ് എന്താണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അതിന് രണ്ട് തരത്തിലുള്ള പരിഹാരമാർഗ്ഗങ്ങളാണ് നമുക്ക് ചെയ്യാനുള്ളത്. ഒന്ന്, കാട്ടാനകളായാലും മറ്റ് വന്യമൃഗങ്ങളായാലും കടന്നുവരുന്ന മേഖലകളിൽ കിടങ്ങുകൾ, ഫെൻസിംഗ്, മതിൽ തുടങ്ങിയ വിവിധ ഇനങ്ങളുമായി ബന്ധപ്പെട്ട പ്രതിരോധപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുക. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ചാണ് ഓരോ വർഷവും അത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. രണ്ടാമത്തേത്, വനത്തിനകത്തെ വനഭൂമിയെ ശക്തിപ്പെടുത്തുകയും തടയണകൾ സൃഷ്ടിച്ചുകൊണ്ട് വെള്ളത്തിന്റെ പോണ്ടുകൾ ഉണ്ടാക്കുകയും ചെയ്യുന്നതിലൂടെ കുടിവെള്ളവും ഭക്ഷണവും കാട്ടിനകത്തുതന്നെ ലഭ്യമാകാനുള്ള വൃക്ഷത്തൈകൾ, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, അവയെ സ്വാഭാവിക വനങ്ങളാക്കി മാറ്റുക എന്നതാണ് അതിന് കണ്ടെത്തിയിട്ടുള്ള പരിഹാര മാർഗ്ഗങ്ങൾ.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഇവിടെ ചോദിച്ച ചോദ്യം അധിനിവേശ സസ്യങ്ങളും വൃക്ഷങ്ങളും ഫോറസ്റ്റിൽവരുന്നതുകൊണ്ട് സ്വാഭാവികമായും ഫോറസ്റ്റ് നശിക്കുന്നുണ്ടോയെന്നുള്ളതാണ്. മുത്തങ്ങയിൽ അധിനിവേശ സസ്യങ്ങൾ അവിടെ കൂടുതലായുണ്ടായിട്ടുള്ളായതുകൊണ്ട് അവിടെ ഫോറസ്റ്റ്

ഡിപ്പാർട്ടുമെന്റ് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അത് സംസ്ഥാനത്തെ മറ്റ് വനമേഖലകളിൽ നടപ്പിലാക്കുമോ? മൂന്നാമത്തെ ചോദ്യത്തിന് ഉത്തരമായി വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്കിറങ്ങുന്ന സാഹചര്യമുണ്ടെന്ന് സൂചിപ്പിക്കുന്നു. നിലവിൽ ആനകളുടെ എണ്ണത്തിൽ വർദ്ധനവുണ്ട്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി മലയോരമേഖലയിൽ കൈതച്ചക്ക, വാഴക്കൃഷി, മാവ് തുടങ്ങിയവ കൃഷിചെയ്യുന്നതിനാൽ അത് കഴിക്കാനായി ആന കാട്ടിൽനിന്നിറങ്ങുന്നുണ്ട്. അവിടെ ഫെൻസിംഗ് വച്ചിട്ട് കാര്യമില്ല. ജെണ്ട കെട്ടുന്നതുപോലെയുള്ള സംവിധാനങ്ങളൊരുക്കാൻ വനം വകുപ്പ് പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ഏറനാട് എം.എൽ.എ. അദ്ദേഹത്തിന്റെ അനുഭവത്തിൽനിന്ന് പറഞ്ഞ കാര്യമാണ്. അക്കാര്യം എല്ലാ എം.എൽ.എ.മാരും മനസ്സിലാക്കുന്നതാണ് നല്ലത്. ആ മേഖലകളിൽ നടത്തുന്ന കൃഷിയിടങ്ങൾ വന്യജീവികളെ ആകർഷിക്കുന്നുണ്ടോയെന്നതാണ് അതിലെ പ്രശ്നം. ആകർഷിക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിൽനിന്ന് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അത് ഒഴിവാക്കണമെങ്കിൽ പ്രത്യേക മേഖലകളിൽ പ്രത്യേക രീതിയിലുള്ള കൃഷി

മാത്രമെ ചെയ്യാൻ കഴിയൂവെന്ന പൊതുനിലപാട് നമ്മൾ സ്വീകരിക്കേണ്ടിവരും. ഈ വിഷയത്തിൽ എനിക്ക് മാത്രമായൊരു ഉത്തരം പറയാൻ കഴിയുന്ന കാര്യമല്ല. സംസ്ഥാനം അങ്ങനെയൊരു പൊതുനിലപാട് സ്വീകരിച്ചാൽ അത് വലിയൊരു പരിഹാരമാർഗ്ഗമായിരിക്കും. പക്ഷേ അത് പ്രായോഗികമായി പെട്ടെന്ന് അടിച്ചേൽപ്പിക്കാൻ കഴിയുന്ന ഒന്നാണെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പി.ഡബ്ല്യു.ഡി. റോഡുകളുടെ ഇരുവശത്തുമുള്ള വീടുകളും കെട്ടിടങ്ങളുമെല്ലാം ഭംഗിക്കും തണലിനുംവേണ്ടി പാഴ്മരങ്ങൾ വച്ചുപിടിപ്പിക്കാറുണ്ട്. പാഴ്മരങ്ങളാകുമ്പോൾ അത് പെട്ടെന്ന് വളരും. പിന്നീട് വീടിനും കെട്ടിടങ്ങൾക്കും അപകടങ്ങളുണ്ടാകുന്നു. അത് വെട്ടി മാറ്റാൻ പഞ്ചായത്തിലാവശ്യപ്പെട്ടാൽ ഫോറസ്റ്റ് ട്രീ കമ്മിറ്റിക്ക് അയച്ചശേഷം സോഷ്യൽ ഫോറസ്ട്രിയിലേയ്ക്ക് അയയ്ക്കുന്നു. അതിനുശേഷം പി.ഡബ്ല്യു.ഡി.-യിലേയ്ക്ക് അയയ്ക്കുന്നു. തുടർന്ന് നടപടിയെടുക്കുന്നതിന് ഒരു വർഷം വരെ എടുക്കുന്നുണ്ട്. അതുകൊണ്ട് മരങ്ങൾ വെട്ടി മാറ്റുന്നതിന് പഞ്ചായത്തിന് അധികാരം നൽകാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിലവിലുള്ള നിയമനടപടികളിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചാണ് അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചത്. വനം വകുപ്പുമന്ത്രിക്കുമാത്രമായൊരു തീരുമാനമെടുക്കാൻ കഴിയുന്നൊരു വിഷയമല്ലയെന്ന് അങ്ങേയ്ക്ക് നന്നായി അറിയാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദേശ അധിനിവേശ സസ്യങ്ങൾ കാട്ടിൽ തഴച്ചുവളരുന്നതാണ് അവിടെയുള്ള വന്യജീവികൾ നാട്ടിലേയ്ക്ക് ഇറങ്ങാൻ കാരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. ഡെറാഡൂണിലെ ഇന്ത്യൻ വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു കണ്ടെത്തലാണിത്. ഈ സസ്യങ്ങളെ ഇല്ലാതാക്കുകയും വന്യമൃഗങ്ങൾക്ക് ആവശ്യമുള്ള അവ കാലാകാലങ്ങളായി ഉപയോഗിച്ചുവന്ന പരമ്പരാഗത സസ്യങ്ങളും ധാരാളം ചക്കയുണ്ടാകുന്ന പ്ലാവ് പോലുള്ള വൃക്ഷങ്ങളും അവിടെതന്നെ നട്ടുപിടിപ്പിച്ച് വിദേശ സസ്യങ്ങളില്ലാതാക്കി വന്യജീവികളെ അവിടെതന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോയെന്നാണ് ചോദിക്കാനുള്ളത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതെല്ലാം മനസ്സിൽവച്ചുകൊണ്ടാണ് 'വൃക്ഷശ്രീ' എന്ന പരിപാടി സംസ്ഥാന വനംവകുപ്പ് ആവിഷ്കരിച്ച്

നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക വിദേശ സസ്യവൃക്ഷങ്ങളെ ഇല്ലാതാക്കുക തുടങ്ങിയ പരിപാടികളാണുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കാരണങ്ങളിൽ ഒന്നുമാത്രമാണ് വനശോഷണമെന്നുകൂടി കൂട്ടിച്ചേർക്കേണ്ടതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, അധിനിവേശ സസ്യങ്ങളുടെ കൂട്ടത്തിൽതന്നെ അക്കേഷ്യ പോലുള്ള മരങ്ങൾ നട്ടുപിടിപ്പിക്കുന്ന രീതിയുണ്ടായിരുന്നതിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലംമുതൽ മാറ്റം വരുത്തിയിരുന്നു. പക്ഷെ അക്കേഷ്യ മരങ്ങൾ റീപ്ലാന്റ് ചെയ്യാത്തൊരു ഘട്ടം വന്നപ്പോൾ അവയുടെ അടിക്കാടുകൾ വളരുന്നത് സമയോചിതമായി ഉന്മൂലനം ചെയ്യാത്തതിന്റെ ഭാഗമായി അത് നട്ടുപിടിപ്പിച്ചിരുന്നതിനേക്കാൾ അപകടകരമായ നിലയിൽ വളർന്നുവരുന്ന ഒരു സാഹചര്യമുണ്ട്. അത് വന്യ-മനുഷ്യ ജീവിത ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത്തരം അടിക്കാടുകൾ വേരോടുകൂടി പിഴുതുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനമേഖലയുമായി ബന്ധപ്പെട്ട ഇത്തരം അടിക്കാടുകൾ ഒറ്റയടിക്ക് മാറ്റാൻമാത്രമുള്ള ഒരു സാമ്പത്തിക സ്ഥിതി

ഇപ്പോഴില്ല. എന്നാൽ ക്രമേണ ഈ രീതിയിലുള്ള പ്രവർത്തനത്തിലൂടെ വനസംരക്ഷണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്, അത് പടിപടിയായി നടപ്പാക്കുന്നതാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, മലയോരങ്ങളിലെ പല റോഡുകളും വനമേഖലയ്ക്ക് സമീപമുള്ളതാണ്. നിലവിലുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി അത്തരം റോഡുകൾ നിർമ്മിക്കുന്നതിന് പ്രത്യേകമായി അനുമതി നൽകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അതിന് പൊതുവെ ഒരു ഉത്തരം പറയാൻ കഴിയുന്നതല്ല. ഓരോ റോഡുകൾക്കും ആ വനവിസ്തൃതിയുടെ എത്ര വേണ്ടിവരും, ഏതുവഴിയാണ് പോകുന്നത് എന്നിങ്ങനെ..., ചില കാര്യങ്ങളിൽ ഒന്നര ഹെക്ടർ ഭൂമിക്ക് താഴെയുള്ള സ്ഥലമാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേകമായി രൂപീകരിച്ചിട്ടുള്ള പോർട്ടലിലൂടെ അപേക്ഷിച്ച് അനുമതി ലഭിക്കേണ്ടതുണ്ട്. ഏതെങ്കിലും പ്രത്യേകമായ കാര്യമുണ്ടെങ്കിൽ അക്കാര്യം അന്വേഷിച്ച് ബഹുമാനപ്പെട്ട അംഗത്തിന് അതിന്റെ മറുപടി നൽകുന്നതാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, സംസ്ഥാനത്തെ കടുവ

സങ്കേതങ്ങളിലൊന്ന് നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളം മേഖലയിലാണ്. സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി തേക്ക് പ്ലാന്റ് ചെയ്ത സ്ഥലംകൂടിയാണ് പറമ്പിക്കുളം മേഖല. യഥാർത്ഥത്തിൽ നാൽപ്പത് വർഷം കഴിഞ്ഞാൽ തേക്കിന്റെ പ്രായപരിധി മാറി അവ മുറിച്ചുമാറ്റാവുന്ന ഘട്ടത്തിലെത്തുന്നതാണ്. പറമ്പിക്കുളം കടുവ സങ്കേതത്തിൽ ആനയ്ക്ക് സഞ്ചരിക്കാൻ അൻപത് കിലോമീറ്ററും കടുവയ്ക്ക് സഞ്ചരിക്കാൻ നൂറ് കിലോമീറ്ററും ഒരു ദിവസം ആവശ്യമാണ്. സ്വാഭാവികമായും മനുഷ്യവാസമുള്ള പറമ്പിക്കുളം മേഖലയിൽ മനുഷ്യരാൽ നിർമ്മിക്കപ്പെട്ടിട്ടുള്ള തേക്ക് പ്ലാന്റ് മുറിച്ചുമാറ്റിയാൽ സംസ്ഥാന ഖജനാവിൽ വലിയ തോതിലുള്ള സമ്പത്ത് വരുന്നതാണ്. സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി പറമ്പിക്കുളം മേഖലയിൽ നട്ടുവളർത്തിയ കാലാവധി കഴിഞ്ഞ തേക്ക് മുറിച്ചുമാറ്റാനാവശ്യമായ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിലവിലുള്ള സ്ഥിതിയിൽനിന്നും വ്യത്യസ്തമായി പുതിയൊരു തീരുമാനം എടുത്തിട്ടില്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ബഫർ സോൺ പോലെതന്നെ

വന്യമൃഗശല്യം സംസ്ഥാനത്ത് വലിയ ആശങ്ക സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ വലിയ രോഷമാണ് നിലനിൽക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തണമെന്നുള്ളതാണ്. റെയ്ഞ്ചും അതോടൊപ്പംതന്നെ ഫെൻസിംഗുകളുമൊക്കെ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി ചെയ്യാനുള്ള സംവിധാനങ്ങൾക്കാവശ്യമായ ഫണ്ട് സർക്കാർ അനുവദിക്കണം. രണ്ടാമതായി, ആനയിറങ്ങിയാൽ ഓടിക്കേണ്ടത് വാച്ചർമാരാണ്. ഈ വാച്ചർമാർക്ക് ശമ്പളം കൊടുക്കാൻ കഴിയാതെ പിരിച്ചുവിട്ടിരിക്കുകയാണ്....................

<u>മി. സ്പീക്കർ</u>: ഒരു ഉപചോദ്യം മാത്രമേ ചോദിക്കാൻ പാടുള്ളൂ. ഒരവസരം തന്നാൽ നിങ്ങൾക്കിഷ്ടമുള്ള എല്ലാ ചോദ്യവും ചോദിക്കാൻ പറ്റില്ല.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അവിടെ ഇപ്പോൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നില്ലെന്നും അറ്റകുറ്റപ്പണികളുടെ അഭാവംകൊണ്ടും അതിനുള്ള ഫണ്ട് ലഭിക്കാത്തതുകൊണ്ടുമാണ് അങ്ങനെ സംഭവിക്കുന്നതെന്നുമാണ്

ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അതിൽ അടിസ്ഥാനപരമായി എന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് പരിശോധിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ കിഴക്കൻ മേഖലയിൽ ഒരു കൂട്ടം ആനകൾ കഴിഞ്ഞ ഒരു വർഷമായി വലിയ തോതിൽ കൃഷിനാശമൊക്കെ വരുത്തി തമ്പടിച്ചിരിക്കുകയാണ്. അവ ഇപ്പോഴും അവിടെ നിന്നും പോകാതെ കേരളത്തിന്റെ അതിർത്തിയിൽതന്നെയുണ്ട്. അവയെ അതിർത്തി കടത്തി കർണ്ണാടക വനത്തിലേയ്ക്ക് അയയ്ക്കാൻ സാധിച്ചാൽ കേരളത്തിലെ കൃഷിക്കാരെ രക്ഷിക്കാൻ കഴിയും. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമുക്കിപ്പോൾ ആനകളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. കുങ്കി ആനകളെ ഉപയോഗിച്ചാണ് ഇപ്പോൾ അത് നിർവ്വഹിക്കുന്നത്. പക്ഷെ അങ്ങനെ അയച്ചാലും നേരത്തെ ഇവിടെ സൂചിപ്പിച്ച കാരണങ്ങളാൽ അവർ തന്നെ തിരിച്ചുവരികയാണ്. ഇപ്പോൾ ചിലയിടങ്ങൾ അവരുടെ തറവാട്ടുപോലെ കണ്ട് അവിടെനിന്നും വിട്ടുപോകാൻ തയ്യാറാകാത്ത സ്ഥിതിയാണുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: സർ, പൊതുയിടങ്ങളിൽ അപകടകരമായി

നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റാൻ കഴിയാത്തത് സോഷ്യൽ ഫോറസ്ട്രി ഇട്ടിരിക്കുന്ന അമിതമായ വില കാരണമാണ്. ആ വിലയ്ക്ക് ആരും മരം മുറിക്കാൻ മുന്നോട്ടുവരില്ല. മൂന്ന് തവണയൊക്കെ ലേലം വിളിച്ചതിനുശേഷമാണ് മരം മുറിക്കാൻ സാധിക്കുന്നത്. സോഷ്യൽ ഫോറസ്ട്രി നിശ്ചയിക്കുന്ന വിലയ്ക്ക് ആരും വന്നില്ലെങ്കിൽ ഒറ്റത്തവണ ലേലം കഴിഞ്ഞ് ഇത്തരം മരങ്ങൾ മുറിക്കാനുള്ള അനുമതി നൽകുമോ, അതല്ല എന്നുണ്ടെങ്കിൽ പഞ്ചായത്തുകൾക്ക് ഇതിന്റെ അധികാരം കൊടുക്കാൻ സാധിക്കുമോ? അങ്ങ് നേരത്തെ ഇതിനെക്കുറിച്ച് ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയില്ലെന്ന് പറഞ്ഞു. അങ്ങ് ഈ വിഷയം ലഘുവായി കാണരുത്. വലിയ അപകടങ്ങൾ ഉണ്ടായതിനുശേഷം പരസ്പരം പഴി ചാരിയിട്ട് കാര്യമില്ല. അതിനാൽ പൊതുയിടങ്ങളിൽ നിൽക്കുന്ന അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റാനുള്ള സമയോചിതമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നമ്മൾ ചില നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ലേലം ചെയ്യാതെ മരങ്ങൾ മുറിക്കാൻ അനുവാദം കൊടുത്തുകഴിഞ്ഞാൽ അതിലുണ്ടാകുന്ന വിമർശനം

വേറെയാകും. അപ്പോൾ നിലവിലുള്ള നിയമപ്രകാരം മൂന്ന് തവണ ലേലം ചെയ്ത് ആരും വരുന്നില്ലെങ്കിൽ മാത്രമാണ് മരം മുറിക്കാനുള്ള അനുവാദം കൊടുക്കുന്നത്. അതിൽ ഇളവ് വരുത്തണം എന്നതാണ് താങ്കൾ ഉന്നയിച്ച പ്രശ്നത്തിലെ കാതൽ. അങ്ങനെ ഇളവ് വരുത്തുന്നത് ഗുണകരമാണോ അല്ലയോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

ശ്രീ. എ. പ്രഭാകരൻ: സർ, കഴിഞ്ഞ വെള്ളിയാഴ്ച രാവിലെ ആറ് മണിക്ക് പ്രഭാതസവാരിക്ക് ഇറങ്ങിയ ശിവരാമൻ എന്നുപറയുന്ന ആളിനെ ജനവാസ കേന്ദ്രത്തിന്റെ നടുക്ക് വച്ചാണ് ആന കുത്തിക്കൊന്നത്. ജില്ലാ ഫോറസ്റ്റ് ഓഫീസിന്റെ തൊട്ടടുത്താണത് സംഭവിച്ചത്. ജനങ്ങൾ താമസിക്കുന്ന സ്ഥലത്തുനിന്നും ആനയും പുലിയുമൊന്നും പോകുന്നില്ല. ഞാനിത് പല തവണയായി ഇവിടെ ആവർത്തിക്കുകയാണ്. ഇതിന് എന്തെങ്കിലും ശാശ്വത പരിഹാരം കണ്ടെത്താൻ ശ്രമിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതുസംബന്ധിച്ച് നേരത്തെ ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞതാണ്, പണത്തിന്റെ ലഭ്യതയനുസരിച്ച് മുൻഗണന നൽകി ഏറ്റവും ഗുരുതരമായ പ്രശ്നം നിലനിൽക്കുന്ന പ്രദേശങ്ങളിൽ

അടിയന്തര പ്രാധാന്യത്തോടുകൂടി പ്രവൃത്തികൾ തുടങ്ങാനുള്ള നിർദ്ദേശം നൽകുന്നതാണ്.

## മത്സ്യഫെഡിലെ ക്രമക്കേട് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

4(*214) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മത്സ്യഫെഡിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ക്രമക്കേടിനെക്കുറിച്ച് എല്ലാ ജില്ലകളിലും അന്വേഷണം വേണമെന്നും കുറ്റക്കാരെ കണ്ടെത്തി കർശന നടപടിക്ക് വിധേയമാക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) മത്സ്യഫെഡിന്റെ ശക്തികുളങ്ങര കോമൺ പ്രീ-പ്രോസസിംഗ് സെന്ററിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) മത്സ്യഫെഡിന്റെ കൊല്ലം ജില്ലയിലെ ശക്തികുളങ്ങര CPC-യിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് സമഗ്രാന്വേഷണം വേണമെന്നും കുറ്റക്കാർക്കെതിരെ സർക്കാർ കർശന നടപടി എടുക്കണമെന്നും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. സമാനമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ വകുപ്പുതലത്തിലും മത്സ്യഫെഡ് തലത്തിലും മേൽനോട്ടവും പരിശോധനയും വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ. എം. മഹേഷിനെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ ശ്രീ. കെ. അനിമോനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ, കരാർ ജീവനക്കാരനായ

ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31/5/2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി) യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി. ലിസി അഗസ്റ്റിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി. നീതു. പി.എസ്, പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽ നിന്ന് പിരിച്ചുവിടുകയും നിലവിലെ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, മത്സ്യഫെഡിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.ക്ക് വിടാനുള്ള ആർജ്ജവം സർക്കാർ കൈക്കൊള്ളുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇക്കാര്യത്തിൽ സർക്കാരിന് ഒരു മടിയുമില്ല, തീർച്ചയായും ആലോചിച്ച് തീരുമാനിക്കുന്നതാണ്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം ജീവനക്കാരെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഇക്കാര്യത്തിൽ പി.എസ്.സി.യിൽ ടെസ്റ്റ് നടക്കുകയാണ്, അടുത്തുതന്നെ അക്കാര്യത്തിൽ തീരുമാനമുണ്ടാകും.

(ചോദ്യോത്തര സമയം കഴിഞ്ഞു)